I/178600/2024

**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ: ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓൺലൈൻ പൊതുസ്ഥലം മാറ്റം 2024 നടപ്പിലാക്കുന്നത് - വകുപ്പിലെ ലാബ് ടെക്നീഷ്യൻ തസ്തികയിലെ പൊതുസ്ഥലംമാറ്റ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/2032/2024-E1 തിരുവനന്തപുരം,

തീയതി: 07-06-2024

---

പരാമർശം:- 1. സ.ഉ. (പി) നം. 3/2017/ഉഭപവ., 25.02.2017.

2. സ.ഉ. (കൈ) നം. 22/2022/ഉഭപവ., 26.09.2022.

3. ഈ ഓഫീസിൽ നിന്നുള്ള 15.03.2024 ലെ 14/2024(എ) നമ്പർ സർക്കുലർ. (DDDKER/216/2024-A1)

**ഉത്തരവ്**

പരാമർശം (3) ലെ സർക്കുലർ പ്രകാരം ഈ വകുപ്പിലെ ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഉദ്യോഗസ്ഥർ പൊതുസ്ഥലംമാറ്റത്തിനായി സ്പാർക്ക് മുഖാന്തിരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ തസ്തികയിലെ ജീവനക്കാരുടെ 2024 ലെ പൊതുസ്ഥലംമാറ്റ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതുസ്ഥലംമാറ്റ കരട് പട്ടിക വകുപ്പിന്റെ വെബ്-സൈറ്റായ dairydevelopment.kerala.gov.in-ൽ ലഭ്യമാണ്. പൊതുസ്ഥലംമാറ്റ കരട് പട്ടികയിൻമേലുള്ള ആക്ഷേപങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഒ./ഓഫീസ് മേലധികാരി പരിശോധിച്ച ശേഷം ഉദ്യോഗസ്ഥർ **2024 ജൂൺ 14, 5.00 പി.എം.** ന് മുമ്പായി dairydirectorateonlinetransfer@gmail.com, cru.ddd@kerala.gov.in എന്നീ 2 ഇ-മെയിലുകളിലും ലഭ്യമാക്കേണ്ടതാണ്. പരാമർശം (1) ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പരിരക്ഷകളെ സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ആക്ഷേപങ്ങൾ പരിശോധിക്കേണ്ട ഡി.ഡി.ഒ./ഓഫീസ് മേലധികാരിയുടെയോ, ആക്ഷേപങ്ങൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥരുടെയോ അലംഭാവം കാരണം അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. വകുപ്പിന് ലഭിക്കുന്ന ആക്ഷേപങ്ങൾ NIC/SPARK അധികൃതർക്ക് കൈമാറി, ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. കരട് പട്ടികയിലെ സ്ഥലംമാറ്റം അന്തിമമല്ല. പട്ടികയുടെ കരട് ചുവടെ ചേർക്കുന്നു. ഉത്തരവും കരട് പട്ടികയും കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ **2024 ജൂൺ 10, 11.00** എ.എം.-ന് മുമ്പായി ഈ കാര്യാലയത്തിൽ

I/178600/2024

അറിയിക്കേണ്ടതാണ്.

| ക്രമ നം. | ലാബ് ടെക്നീഷ്യന്റെ പേര് | നിലവിലെ കാര്യാലയം, ജില്ല | സ്ഥലം മാറ്റി നിയമനം നൽകുന്ന കാര്യാലയം, ജില്ല |
|---|---|---|---|
| 1 | ശ്രീ. ബൈജു വി.എസ്. | ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയം, തിരുവനന്തപുരം | ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയം, കൊല്ലം |

ഡയറക്ടർ

Signed by
Asif K Yusuf I A S
Date: 07-06-2024 12:04:57

ഉള്ളടക്കം :- 1) പൊതുസ്ഥലംമാറ്റ കരട് പട്ടിക.

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :- 1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ)

2) ഗുണനിയന്ത്രണ ഓഫീസർമാർ (ഡി.ഡി. മുഖേന)

3) ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

4) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)

5) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ, ഐ.ടി. സെൽ)

6) ഡെപ്യൂട്ടി ഡയറക്ടർ, റിജീയണൽ ലാബ്, കാസർഗോഡ്.

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

8) അസിസ്റ്റന്റ് ഡയറക്ടർ, റിജീയണൽ ലാബ്, കോട്ടയം.

9) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം.

10) എ., ഇ., ഇ.എസ്. സെക്ഷൻ സീനിയർ സൂപ്രണ്ടുമാർ.

11) ക്ഷീരവികസന ഓഫീസർ, ഡി.റ്റി.സി. തിരുവനന്തപുരം (വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

12) നോട്ടീസ് ബോർഡ്.

13) സഞ്ചയം.

14) ശേഖരസഞ്ചയം.